പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*211 10.12.2014 ലെ മറുപടിയ്ക്ക്

## വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നൂതനമായ പദ്ധതികൾ

| ചോദ്യം<br>ശ്രീ.ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി.തോമസ്<br>ശ്രീമതി.ജമീല പ്രകാശം<br>ശ്രീ.സി.കെ.നാണു | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | കേരളത്തിലേക്ക് വരുന്ന വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിച്ചതിന്റെ കാരണങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; | എ) | 2014 ജൂൺ വരെയുള്ള കണക്കനുസരിച്ച് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചിട്ടില്ല. |
| ബി) | വിനോദ സഞ്ചാരികളെ ആകർഷിക്കാൻ നൂതനമായ പദ്ധതികൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി) | സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുന്നു. പ്രധാന നഗരങ്ങളിൽ റോഡ്ഷോ സംഘടിപ്പിക്കുന്നു. ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാര മേളകൾ, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുന്നു. ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ 'മാൾബ്രാന്റിംഗ് ', ദേശീയ തലത്തിൽ പ്രധാന മെട്രോസിറ്റികളിൽ 'എയർപോർട്ട് ഡിസ്പ്ലേ ', മുംബയ് മെട്രോയിൽ 'മെട്രോ ട്രെയിൻ ബ്രാന്റിംഗ് ', മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ എന്നിവ നടക്കുന്നു. കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിനും കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകളും സി.ഡി.കളും നിർമ്മിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ കേരളത്തിനു പുറത്തും വിദേശത്തും ഉള്ള വിനോദസഞ്ചാരികൾക്കും ടൂർ ഓപ്പറേറ്റർമാർക്കും കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ സംബന്ധിച്ചുള്ള ബ്രോഷർ തുടർച്ചയായി അയച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | മൺസൂൺ കാമ്പയിൻ, ആയുർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ , യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ്, വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യ പ്രചരണം എന്നിവയും ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുക എന്ന 'വിസ ഓൺ അറൈവൽ ' സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് 6 മാസത്തെ പാസ്പോർട്ടുള്ള, മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക. ഇതിനു പുറമെ ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ് വാട്ടർ ടാക്സി പുതുതായി ആരംഭിച്ചിട്ടുണ്ട്. സീപ്ലെയിൻ സർവ്വീസിന്റെ ഔപചാരിക ഉദ്ഘാടനവും കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ